ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ട് ഈ ഒരു നിയമം നമ്മുടെ നാട്ടിൽ ഉള്ള എതു തൊഴിലാളികൾക്കും സഹായകമാകുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതു് സഭയുടെ അനുമോദനത്തിനും അനുകൂല്യത്തിനും വേണ്ടി സമർപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. കെ ഡീവർ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിനുമുമ്പു് ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതായ രണ്ടു ബില്ലുകളുടെയും തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഈ ബില്ലും ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ലിനെപ്പറ്റി ഇതിനുമുമ്പു കൊണ്ടുവന്നിട്ടുള്ള ബില്ലുകളെക്കുറിച്ചുണ്ടായതിനേക്കാൾ കൂടുതൽ അഭിപ്രായഭിന്നതകൾ ഉടയുണ്ടെന്നു സംഗതി വിസ്മരിക്കുന്നില്ല. കഴിഞ്ഞ ബില്ലുകളേക്കാൾ —ഇതിനുമുമ്പു ഞാനും മിസ്റ്റർ പുത്തൂർ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളേക്കാൾ—തൊഴിലാളികൾക്കു ഗുണമുള്ള ചില വകുപ്പുകൾ ഇതിലുണ്ടെന്നുള്ളതുകൊണ്ടു്, ഞങ്ങളുടെ ബില്ലുകളെത്തന്നെ അഭിപ്രായപ്പെടുന്ന മുതലാളികൾ ഇതിനെ ശക്തിയായി അഭിപ്രായപ്പെടുമെന്നു എനിക്കറിയാം. ഏങ്കിലും ഇതു ഒരു നാട്ടിലും നടപ്പില്ലാത്ത ഒരേർപ്പാടാണെന്നു് അതും തെറ്റിദ്ധരിക്കരുതു്. സിലോണിൽ ഇതുപോലെ ഒരു നിയമമുണ്ടു്. കൊളമ്പിലെ പീടികകളിലും ഷാപ്പുകളിലും ഈ നിയമം നടപ്പിലായിട്ടുണ്ടു് അതു ബാധകമായതുകൊണ്ടു് ഇതേവരെ അവർക്കൊരു ദോഷവുമുണ്ടായിട്ടില്ലെന്നുള്ളതറിയുമ്പോൾ ഇവിടെ ഈ നിയമത്തെ എതുക്കുന്നവർ അവരുടെ എതുപ്പുകൾ ഉപേക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ സെലക്ടു് കമ്മിറ്റിക്കു അയക്കുന്നതായിരിക്കും. അപ്പോൾ ഇതിനുമുമ്പു സെലക്ടു് കമ്മിറ്റിയെ ഏല്പിച്ചിട്ടുള്ള ബില്ലുകളെ പരിഗണിച്ചുകൊണ്ടു് അതേ സെലക്ടു് കമ്മിറ്റിക്കുതന്നെ ഈ ബില്ലും അയക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിനെപ്പറ്റിയുള്ള അഭിപ്രായഭിന്നതകൾ താമസം നേരിട്ടാലും ഇതിനുമുമ്പിലത്തെ ബില്ലുകളെപ്പറ്റിയുള്ള അഭിപ്രായഭിന്നതകൾ നീട്ടിക്കൊണ്ടുപോകാതെ കഴിക്കണം. കാരണം കക്കടകം വണ്ടിറ്റ്സമ്മേളനത്തിലെങ്കിലും ഇതിനുമുമ്പു അവതരിപ്പിച്ചിട്ടുള്ള ബില്ലുകൾ പാസ്സാക്കി അതാകുന്ന വേഗം നടപ്പിലായി കണ്ടാൽകൊള്ളാമെന്നുള്ള അഭിപ്രായംകൊണ്ടാണു്. ഈ ബില്ലിനു കൂടുതൽ ചർച്ച് ആവശ്യമായി വരുന്നപക്ഷം ഇതിനു മുമ്പിലത്തെ ബില്ലുകൾ അതുകുന്ന വേഗം പാസ്സാക്കി അതുകൊണ്ടുണ്ടാകുന്ന അനുകൂല്യങ്ങളെങ്കിലും തൊഴിലാളികൾക്കു അതുകുന്നവേഗം ലഭിക്കണമെന്നും, അതിനാൽ ഈ ബില്ലിനോടു ഒപ്പം ആ ബില്ലുകൾ നീട്ടിക്കൊണ്ടുപോകരുതെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിന്താങ്ങിക്കൊള്ളുന്നു.

Mr. President : The question is that the Cochin Shops and Commercial Establishments Bill be read in Council.

Motion put and carried

Secretary to Council : The title of the Bill is the Cochin Shops and Commercial Establishments Bill.

Mr. P. T. Jacob *(Latin Christians-Mattancherri) :* I request Sir, that this Bill also may be referred to the same Select Committee constituted for consideration of the Bill on the same subject.

Mr. P. K. Dewer *(Nominated) :* I second it.

Mr. President : The question is that the Shops and Commercial Establishments Bill be referred to the same select committe as is constituted for the purpose.

Motion put and carried

Mr. P. K. Dewer *(Nominated) :* I don't move the Cochin Panchayat Act (Amending) Bill standing in my name. It has been the wish of many members of my party and the other parties that the Bill requires further consideration by them and therefore I propose to move it only in the next Session.

RESOLUTION—NON-OFFICIAL

I. Need for Legislation preventing Land-lords from evicting tenants from lands at their will and pleasure

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: "കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ ഇഷ്ടംപോലെ ഇറക്കിവിടുന്നു സമ്പ്രദായം നിയമംമൂലം തടയണമെന്നു് ഈ സഭ ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു".

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochukuttan.]

സർ, കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ ഇറക്കിവിടുന്ന ഈ സമ്പ്രദായം ഇന്നൊരു പകർച്ചവ്യാധി എന്നോണം ഈ നാട്ടിൽ പരന്നിട്ടുണ്ട്. ഈ നാട്ടിലെ ബഹുഭൂരിപക്ഷം ആളുകളും കുടികിടപ്പുകാരാണ്. മദ്രാസ്സിൽ സെമിന്താരി സമ്പ്രദായം അവസാനിപ്പിക്കുവാൻ ഒരു നിയമം അവിടെ പാസ്സായതോടുകൂടി ഇന്ന് ഇവിടെയും കുടികിടപ്പുകാരെ ഒഴിച്ചുമാറ്റുന്നതിന്നു് ഇവിടത്തെ ജന്മികളും, മുതലാളിമാരും, വസ്തു ഉടമസ്ഥന്മാരും വളരെ വെപ്രാളം കൊള്ളുന്നുണ്ടെന്നു് എനിക്കു് ഈ സഭയുടെ ദൃഷ്ടിയിൽ പെടുത്താതെ കഴിയുകയില്ല. ഇതു് ഈ നാട്ടിലെ അധ്വാനികരെ മാത്രമല്ല മറ്റുള്ള പാവപ്പെട്ട ആളുകളേയും ബാധിക്കുന്ന ഒന്നാണു്. എന്നാൽ ഇതു് അധ്വാനികൾക്കു കൂടുതൽ ബാധകമാകുന്നു എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. അവരെ ആട്ടി ഓടിക്കുന്നതിനുള്ള കാരണങ്ങൾ ഇവിടെ പറയുക അവശ്യം ആവശ്യമാണെന്നു് ഞാൻ വിചാരിക്കുന്നു. ചില അവസരങ്ങളിൽ ഈ കുടികിടപ്പുകാർ വസ്തു ഉടമസ്ഥന്മാർക്കു് കാഴ്ച വെയ്ക്കേണ്ട ആവശ്യമുണ്ടു്. പല അവസരങ്ങളിലും പലരും അവരെ നിർബ്ബന്ധിച്ചുപോലും ഇങ്ങിനെ ചെയ്യിക്കാറുണ്ടു്. എന്നാൽ ആ അവസരങ്ങളിൽ ഈ പാവപ്പെട്ടവർ അതിനു് വിസമ്മതം പ്രകടിപ്പിക്കുകയാണെങ്കിൽ, അവരെ യാതൊരു കാരണവും പറയാതെ കുടിയൊഴിയുവാൻ നിർബ്ബന്ധിക്കുന്നതായിട്ടാണു് കാണുന്നതു്. യാതൊരു പ്രതിഫലവും കൂടാതെതന്നെ ഈ പാവപ്പെട്ട ആളുകൾ ജന്മിക്കും മുതലാളിക്കും വസ്തു ഉടമസ്ഥന്മാർക്കുമെല്ലാം വിളിവേല ചെയ്യേണ്ടതായി വരുന്നുണ്ടു്. അതിനു ശരിയായ പ്രതിഫലമൊന്നും കൊടുക്കാറില്ല. വിസമ്മതം കാണിച്ചു് മറ്റുള്ളവർക്കു് പണിയെടുക്കുവാൻ പോകയാൽ അവരെ താമസിക്കുന്നിടത്തുനിന്നും ഓടിക്കുകയാണു്. അധ്വാനികരെ സംബന്ധിച്ചേടത്തോളം ഇതിനു്മുമ്പു് അവർ കേവലം മാടുകളുടെ മാതിരി പണിയെടുത്തിരുന്നു. നിങ്ങൾക്കു് പണിയെടുത്താൽ ഞങ്ങൾക്കു ഇന്ന കൂലി തരണമെന്നു് ആരും ആവശ്യപ്പെടാറില്ല. കൊടുക്കുന്ന കൂലികൊണ്ടു് അവർ തൃപ്തിപ്പെട്ടിരുന്നു. കൂലിതന്നെ, രാവിലെ മുതൽ അന്തിയാകുന്നവരെ പണിയെടുത്താലും പിന്നേയും മുതലാളിയുടേയും ജന്മിയുടേയും കാരുണ്യം കാത്തുനിന്നിട്ടാണു് കിട്ടിയിരുന്നതു്. ആ കൂലി നാളെത്തരാമെന്നു് പറഞ്ഞാൽ അതല്ല, ഇന്നുതന്നെ കിട്ടണമെന്നു് ആവശ്യപ്പെടുന്നുവെങ്കിൽ, ആ നിസ്സാരകാരണത്തിന്നുപോലും അവരെ മർദ്ദിക്കുകയും കുടിയിറക്കുകയും ചെയ്യുന്നതായി കണ്ടിരുന്നു. ഇന്നു് അധ്വാനികർ സംഘടിതരായതോടുകൂടി, അവർ അവക്കു് വേലചെയ്യുന്നതിന്നു് തക്ക കൂലിവേണമെന്നു് ആവശ്യപ്പെടുവാനും മറ്റും തുടങ്ങിയിരിക്കുന്നതായി കാണുമ്പോൾ അവരെ ഈ കാരണത്തിന്മേൽ കുടി ഒഴിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. അധ്വാനികരെ സംബന്ധിച്ചു് പറയുന്ന എനിക്കു് വേറെയൊരുകാര്യംകൂടി പറയാനുണ്ടു്. ചില സവർണ്ണ ക്ഷേത്രങ്ങളിൽ ചില പേക്കൂത്തുകൾ അധ്വാനികരെക്കൊണ്ടു് ചെയ്യിക്കുന്ന ഒരേർപ്പാടുണ്ടായിരുന്നു. ഇന്നു് അങ്ങിനെയുള്ള പേക്കൂത്തുകളിനു് അവർ വിസമ്മതിക്കുകയാൽ വസ്തു ഉടമസ്ഥന്മാർ അവരെ കുടിയിറക്കുന്നു. ഈ കാരണത്തിന്മേൽ ഇപ്പോൾ കണ്ടശ്ശാങ്കടവിൽ പാവപ്പെട്ട കുറെ അധ്വാനികരെ കുടിയിറക്കുവാൻ ഉത്സാഹിച്ചു വരുന്നതായി അറിയുന്നുണ്ടു്. കോടന്നൂർ, പള്ളിപ്പുറം മുതലായ സ്ഥലങ്ങളിൽ അവരെക്കൊണ്ടു് പണിയെടുപ്പിച്ചാൽ കൊടുക്കുന്നകൂലി ആറു നാഴി നെല്ലാണു്. അവക്കു് ഇന്നു് ആ കൂലി കിട്ടിയാൽ പോര എന്നു് പറയുന്നതുകൊണ്ടു് അവിടെ അവരെ കുടിയിറക്കുവാൻ ബദ്ധപ്പെടുന്നു. താന്നിയം എന്ന ദിക്കിൽ അവിടത്തെ ഒരു ജന്മി ഇതുപോലെത്തന്നെ കുടിയിറക്കുവാൻ പരിശ്രമിക്കുന്നുണ്ടു്. ഈ മട്ടാഞ്ചേരിയിലും അവിടത്തെ കുടികിടപ്പുകാർക്കു് ഇതുപോലെ വളരെവളരെ വിഷമതകൾ അനുഭവിക്കേണ്ടിവരുന്നുണ്ടു്. ൧൯൦-ൽ പരം കുടികിടപ്പുകാരെ സ്ഥലം ഒഴിപ്പിക്കുവാൻ നോട്ടീസു് കൊടുത്തിട്ടുണ്ടു്. മന്ത്രി അവർകൾക്കും അവർകൊടുത്ത മെമ്മൊറാണ്ടത്തിൽ അവരെ കുടി ഒഴിപ്പിക്കുവാനായി വളരെ കേസ്സുകൾ നിലവിലുണ്ടെന്നും, ചില കേസ്സുകളിൽ വസ്തു ഉടമസ്ഥന്മാർ വിധിസമ്പാദിച്ചിട്ടുണ്ടെന്നുമാണു് പ്രസ്താവിച്ചിട്ടുള്ളതു്. ഇതു് ആറു മാസം മുമ്പാണു്. ഈ സമ്പ്രദായത്തെ നീക്കാതെകണ്ടു പാവപ്പെട്ട ആളുകൾക്കു് യാതൊരു രക്ഷയുമില്ല. എന്റെ ഒരു മാന്യസ്നേഹിതനിൽനിന്നും ഞാൻ മനസ്സിലാക്കിയതു് മട്ടാഞ്ചേരിയിലെ മുൻസിഫ് കോടതിയിൽ ൧൯൦-ക്കു് ൽൽ കേസ്സും അവിടത്തെ കുടികിടപ്പുകാരെ ഇറക്കിവിടുന്നതിനുള്ളതാണു് എന്നാണു്. ഇതു് മട്ടാഞ്ചേരിയിലെ സ്ഥിതിമാത്രം. ഇതു് പോലെ കൊച്ചിയിലെ മറ്റു പല സ്ഥലങ്ങളിലും കാണാൻ സാധിക്കും. ഇതെല്ലാം ഞാൻ മുമ്പു് പറഞ്ഞപോലെ കുടികിടപ്പു് ഒഴിപ്പിക്കുവാൻ വസ്തു ഉടമസ്ഥന്മാർ കാട്ടിക്കൂട്ടുന്ന ഒരു വെപ്രാളമാണു്. ഇതു് മദ്രാസ്സിൽ ജന്മിത്വം അവസാനിപ്പിക്കുന്നതിനുവേണ്ടി നിയമം പാസ്സായതുകൊണ്ടാണു് ഇവിടെയും പടർന്നു പിടിച്ചതു്. ഇവിടത്തെ പാവപ്പെട്ട ആളുകളെ ആട്ടി മാ

LIBRARY ARCHIVES Kerala Legislative Assembly

ടിക്കുവാൻ കാട്ടിക്കൂട്ടുന്ന തിടുക്കമാണിതു്. കുടികിടപ്പുകാരെ ഒരിടത്തു നിന്നിറക്കിവിട്ടാൽ അയാൾക്കു് മറെറാരു സ്ഥലത്തും കയറി താമസിക്കാൻ സാധിക്കുകയില്ല. ഇങ്ങിനെ ആളുകളെ കുടിയിറക്കാൻ തുടങ്ങിയാൽ വളരെ പാവപ്പെട്ട ആളുകൾക്കു് വീടും കുടിയുമില്ലാതെ റോട്ടിൽ തെണ്ടി നടക്കേണ്ടിവരുമെന്നുള്ള വസ്തുത പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇവിടെയുള്ള നിയമം പാവപ്പെട്ടവരെ തെണ്ടികളാക്കാനുള്ള ഒരു നിയമമാണെന്നു് ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതു് മാറാൻ വേണ്ടി ഇവിടത്തെ ഗവൺമെണ്ടു് മുന്നോട്ടു് വരണമെന്നു് ഞാൻ ഓർമ്മപ്പെടുത്തുന്നു. പാവപ്പെട്ട കുടിയാന്മാർക്കു് കിടക്കാനിടമില്ലെന്നു വരുമ്പോൾ, വീടില്ലാത്ത സ്ഥിതിയിൽ അവരെന്താണു് പ്രവർത്തിക്കുക എന്നു് നിശ്ചയമില്ല. ഇന്നു് അവർക്കു സ്വന്തമായി ഒരു വീടു വെക്കാൻ സാദ്ധ്യമല്ല. അവരുടെ ചിലവിൽ വീടുണ്ടാക്കുകയാണെങ്കിലും അതു് വസ്തു ഉടമസ്ഥന്റേതാണെന്നു് സമ്മതിച്ചു കൊടുക്കണം. അങ്ങിനെ സ്വന്ത ചിലവിൽ വീടു കെട്ടി താമസിക്കുകയാണെങ്കിലും വസ്തു ഉടമസ്ഥനു് വാടക നിയമമനുസരിച്ചു വാടക കൊടുത്തില്ല എന്നുള്ള കാരണത്തിന്മേൽ പാവപ്പെട്ട കുടികിടപ്പുകാരനെ ഇറക്കി അയക്കുന്നതിനു സാധിക്കുന്നതാണു്. ഇത്തരത്തിൽ വീടും കുടിയുമില്ലാതെ വിഷമിച്ചു കഴിഞ്ഞുകൂടുന്ന ആളുകൾ നാട്ടിൻപുറങ്ങളിൽ ധാരാളമുണ്ടെന്നു് ഇവിടത്തെ ബഹുമാനപ്പെട്ട മെമ്പർമാർ ധരിച്ചിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഇന്നാട്ടിലെ ആളുകളെ തെണ്ടികളാക്കി വിടുന്ന സമ്പ്രദായം മാറി അവർക്കു കുടികിടക്കാനുള്ള സൌകര്യം ചെയ്തുകൊടുത്തില്ലെങ്കിൽ വരാവുന്ന ഭവിഷ്യത്തു വളരെ വിഷമമേറിയതായിരിക്കുമെന്നും ആ അവസരം ഉണ്ടാകാതിരിക്കണമെങ്കിൽ ഇന്നത്തെ നിയമം മാറി എഴുതേണ്ടതാണെന്നും ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചു കൊള്ളുന്നു വല്ലതും ഉണ്ടായിട്ടു് അതിന്നു പോംവഴി നോക്കീട്ടു് കാര്യമില്ല. അതുണ്ടാകാതെ സൂക്ഷിക്കുകയാണു് വേണ്ടതു്. ഞാൻ പറയുന്നതു് കുടികിടപ്പുകാർക്കു വസ്തുവിൽ സ്ഥിരാവകാശം ഉണ്ടാകണമെന്നുള്ളതാണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഇക്കാര്യത്തിൽ ഉടനടി വേണ്ടതു പ്രവർത്തിക്കണമെന്നു് ഗവൺമെണ്ടിനോടും ബഹുമാനപ്പെട്ട മെമ്പർമാരോടും അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം സഭയുടെ സ്വീകരണത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനു് എനിക്കു വലിയ സന്തോഷമുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചതന്നെ ഞാനും ഒരു പ്രമേയമവതരിപ്പിച്ചിട്ടുള്ളതു് ഈ അജൻറയിൽ ചേർത്തിട്ടുണ്ടു്. ഇതിനെക്കുറിച്ചു് ഈ സമ്മേളനത്തിലെങ്കിലും ആലോചിക്കാൻ ഇടവന്നതു് ഒരു വലിയ കാര്യമായിത്തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതിയാണു് കുടികിടപ്പുകാരെ സംബന്ധിക്കുന്നതായ ഈ വിഷയമെന്നു പറയാതെ തരമില്ല. കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ തോന്നിയതുപോലെ ഇറക്കിവിടുന്ന സമ്പ്രദായം കൊച്ചിരാജ്യത്തു സർവ്വസാധാരണമായി പടർന്നുപിടിച്ചിരിക്കുകയാണു്. അതിന്റെ കാരണങ്ങളെ സംബന്ധിച്ചും, അതു് എത്രത്തോളം വളരുന്നു കഴിഞ്ഞിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചും എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുട്ടൻ ഇവിടെ സവിസ്തരം പ്രതിപാദിച്ചു കഴിഞ്ഞിട്ടുള്ള നിലക്കു ഞാൻ കൂടുതലായി ഇനി വലിയ ഉദാഹരണങ്ങളൊന്നും എടുത്തുപറഞ്ഞു ഈ സഭയുടെ സമയം നഷ്ടപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല. ഒരേ ഒരു സംഗതിമാത്രമാണു് എനിക്കു ഊന്നി പറയാനുള്ളതു്. ഇതു് വെറുതെ നിസ്സാരമായി തള്ളേണ്ട ഒരു കാര്യമല്ല എന്നുള്ളതാണു് അതു്. ഈ കാര്യത്തെ സംബന്ധിച്ചു് ദൈനംദിനം പൊതുജനാഭിപ്രായം വളരെ ശക്തിപ്പെട്ടു വരുന്നുണ്ടെന്നു് ഗവൺമെണ്ടിനു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. വളരെ അധികം ഹർജ്ജികളും നിവേദനങ്ങളും പലയ മഹാജനസഭയിൽനിന്നു് ഗവൺമെണ്ടിലേക്കയച്ചിട്ടുണ്ടു്. അതുപോലെതന്നെ കൊച്ചി കുടിയാൻ സംഘത്തിൽനിന്നും മറെറനേകം സംഘടനകളിൽ നിന്നും ഇതിനെ സംബന്ധിച്ചുള്ള പ്രമേയങ്ങളും ഹർജ്ജികളും ഗവൺമെണ്ടിലേക്കു കിട്ടിട്ടുണ്ടെന്നും ഞങ്ങൾക്കു മനസ്സിലായിട്ടുണ്ടു്. കൊച്ചിയിലെ പ്രമുഖപത്രങ്ങളും ഈ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിട്ടുള്ളതാണു്. ഈ സംഗതികൾ വെച്ചു് നോക്കുകയാണെങ്കിൽ കുടികിടപ്പുകാരുടെ കാര്യത്തിൽ കുടികിടപ്പുകാർക്കു് വസ്തുവിൽ സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതായിട്ടുള്ള സംഗതിയിൽ ഗവൺമെണ്ടു് കാര്യമായിട്ടുള്ള ശ്രദ്ധ പതിപ്പിക്കാതെ തരമില്ലെന്നുള്ള ഘട്ടത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ടു്. സ്ഥിരാവകാശം കൊടുക്കണമെന്നു പറയുമ്പോൾ അതു് ഏതുവിധത്തിലുള്ള അവകാശമായിരിക്കുമെന്നുള്ളതാണു് പിന്നീടുള്ള ചിന്താവിഷയം. കുടിപ്പുവകാശമൊ, അല്ലെങ്കിൽ എവിടെ താമസിക്കുന്നുവോ ആ വസ്തുവിൽനിന്നുള്ള അനുഭവമെടുക്കുന്നതിനുള്ള അവകാശമൊ എന്നുള്ളതു് വ്യക്തമാക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

താണ്. താല്ക്കാലികമായി ഇന്നത്തെ പരിതഃസ്ഥിതിയിൽ അവക്ക് ചെയ്യുകൊടുക്കുവാൻ കഴിയുന്നതായിട്ടുള്ള ഏറ്റവും പ്രധാനമായിട്ടുള്ള ഒരു ഗുണം, പറമ്പുകളിൽ, അവർ കിടക്കുന്ന കെട്ടിടങ്ങളിൽ അവക്ക് താമസിക്കുന്നതിനുള്ള സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതാണ്. പിന്നെ അവർ വളരെ നാളായി അവിടെ താമസിച്ചുകൊണ്ടിരിക്കുന്നവരാണെങ്കിൽ പറമ്പുകളിൽ ഏറാഴ്ചകളും മറവും ഉണ്ടാക്കി അങ്ങിനെയും അവക്ക് ചില അവകാശങ്ങൾ ഉണ്ടായെന്നുവരാം. ആ അവകാശങ്ങൾ, ഇന്ന് നിയമപരമായി അവക്ക് കിട്ടുവാൻ അവകാശമുണ്ടെങ്കിലും, അതുപോലും കൊടുക്കാതെ അവരെ കുടിയിറക്കുന്ന സമ്പ്രദായം, വസ്തു ഉടമസ്ഥന്മാർ പല കൃത്രിമങ്ങളും പ്രയോഗിച്ച് അവരുടെ പേരിൽ കുലിച്ചാഴ്ചകളും മറവും എഴുതി വാങ്ങി അവർ ഉണ്ടാക്കുന്ന അനുഭവങ്ങൾക്ക് യാതൊരു പൈപോലും കൊടുക്കാതെ അവരെ നിർദ്ദയം ഇറക്കി വിടുന്നതിനുവേണ്ടി കോടതികളിൽ കേസ്സു കൊടുത്ത് കഷ്ടപ്പെടുത്തുന്ന ഒരു സമ്പ്രദായമാണ് ഇന്നു കണ്ടുവരുന്നത്. ആ സംഗതികളെ സംബന്ധിച്ച് പ്രമേയാവതാരകൻതന്നെ വളരെ കാര്യമായി പ്രതിപാദിച്ചതുകൊണ്ട് അധികം പറഞ്ഞു സമയം കളയേണ്ട ആവശ്യമില്ല. കുടികിടപ്പുകാക്ക് താമസിക്കുന്ന സ്ഥലങ്ങളിൽ കുടിപാർപ്പിനുള്ള സ്ഥിരാവാശം കൊടുക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. അതുപോലെത്തന്നെ അവർ വെച്ചുണ്ടാക്കുന്ന ഏറാഴ്ചകൾക്കും അവരവർക്കുതന്നെ അനുഭവിക്കുവാനുള്ള ഒരു നിയമപരിരക്ഷകൂടി ഉണ്ടാകണമെന്നുള്ളകാര്യത്തിൽ ഗവണ്മെണ്ടു കാര്യമായി ദൃഷ്ടിവെക്കേണ്ടതാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കുടികിടപ്പുകാരെത്രയുണ്ടെന്നു് ഗവണ്മെണ്ടിന്നറിവുണ്ടൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ശരിക്ക് ഇത്രയുണ്ടെന്നു് പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: Rough ആയിട്ടൊന്നു പറയാമൊ?

*റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കൊച്ചികണയന്തരിൽ അധികമില്ല. ഈ കാര്യത്തിൽ ഗവണ്മെണ്ടിന്റെ നില ബഹുമാനപ്പെട്ട അവതാരകൻ പറഞ്ഞ സംഗതികളോടെല്ലാം ഗവണ്മെണ്ടിന്നു് അനുഭാവമുണ്ടെന്നുള്ളതാണു്. ഈ കുടികിടപ്പുകാരെ ഇറക്കിവിടുന്നതുകൊണ്ട് ഈ നാട്ടിലെ വലിയ ഒരു വിഭാഗം ജനങ്ങൾക്കു് കിടപ്പിടം ഇല്ലാതാകുന്നു എന്നതിനും ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാരണം മാത്രമല്ല ഇവരെ കുടിയിറക്കുന്നതിനുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കുടികിടപ്പുകാർ എന്നു പറഞ്ഞാൽ എന്താണെന്നു മനസ്സിലാക്കിയാൽ കൊള്ളാം.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കുടികിടപ്പുകാരെന്നു് പറഞ്ഞാൽ പറമ്പുകളിൽ കിടക്കുന്നവർ എന്നല്ലാതെ Rent-നു് താമസിക്കുന്നവരല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നാൽ റെന്ററിനു താമസിക്കുന്നവരുമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: താമസിക്കുന്ന വീടു് ആരുടെയായിരിക്കും?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവയിൽ ചിലതു് അവരുടെയായിരിക്കും. ചിലതു് പറമ്പുടമസ്ഥന്മാരുടെയായിരിക്കും. പറമ്പുടമസ്ഥന്മാർ സ്വന്തം പുരയിടത്തിൽ ആളുകളെ താമസിപ്പിക്കുകയാണു് പതിവു്. കാരണം അധികം പറമ്പുകൾ ഉള്ളവക്ക് അതൊക്കെ നോക്കാൻ അവക്കു സാദ്ധ്യമാകാറില്ല. പിന്നെ ഒരാൾ പറമ്പിൽ താമസിച്ചാൽ പറമ്പു് നന്നാകും. അതുകൊണ്ടു് പറമ്പിൽ ആളുകളെ താമസിപ്പിക്കുന്നതു് ജന്മികളുടെ തന്നെ ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപോലെ പണ്ടത്തെപോലെ തന്നെ കുടികിടപ്പുകാർ പറമ്പുടമസ്ഥന്മാരെ അനുസരിച്ചു എന്നു വരില്ല. പിന്നെ പ്രധാനമായ കാരണം കുടികിടപ്പുകാക്ക് സ്ഥിരാവകാശം കൊടുക്കുന്ന ഒരു നിയമം വരാൻ പോകുന്നു എന്നു് ഒരു ധാരണ രാജ്യത്തു പരന്നിട്ടുണ്ടു് എന്നുള്ളതാണു്. അതുകൊണ്ടു് ഇവിടെയുള്ള ജന്മികൾ ആ നിയമം വരുന്നതിനു് മുമ്പ് ഏതെങ്കിലും വഴികൾ കണ്ടുപിടിച്ചു് അവരെ പുറത്താക്കി അവരുടെ അവകാശം ഇല്ലാതാക്കാൻ ശ്രമിക്കുന്നുണ്ടായിരിക്കും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെയുള്ള ആളുകളെ പിടിച്ചു വിചാരണകൂടാതെ ജയിലിൽ കൊണ്ടിരുത്തരുതെ?

* Speech not corrected by the Hon'bl Member.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അങ്ങിനെ ഒരു നിയമമുണ്ടോ എന്നു് എനിക്കു് നല്ല നിശ്ചയമില്ലെങ്കിലും ബഹുമാനപ്പെട്ട മെമ്പർക്കറിഞ്ഞൂടെ? അതിനുള്ള നിയമം അടുത്തതന്നെ ഉണ്ടാകും. വേഗത്തിലുണ്ടാകും. അതിനുള്ള നിയമം ഞാൻ പറഞ്ഞ വിധത്തിലുള്ള ഭയം കഴിയുന്നതും ജന്മികൾക്കില്ലാതാകത്തക്കവിധത്തിലും അതെ സമയംതന്നെ പാപ്പിടമില്ലാതെ ജനങ്ങൾ കഷ്ടപ്പെടാതിരിക്കത്തക്കവിധത്തിലും വളരെ ആലോചിച്ചുണ്ടാക്കേണ്ടിയിരിക്കുന്നു. ഗവമ്മെണ്ടു് അതാലോചിക്കാതിരിക്കുന്നില്ല. അങ്ങിനെ ഒരു നിയമനിർമ്മാണം ചെയ്യാൽ കൊള്ളാമെന്നുണ്ടു്. ബഹുമാനപ്പെട്ട മെമ്പറും മിസ്റ്റർ കണ്ണനും ആവശ്യപ്പെട്ടന്നതു് കുടികിടപ്പുകാക്കു് കുടിപാക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നാണു്; അതു് അത്യാവശ്യമാണു്. ഇപ്പോൾ കുടികിടപ്പുകാരും ജന്മികളും തമ്മിലുള്ള നില എങ്ങിനെയിരിക്കുന്നു എന്നു നിയമജ്ഞന്മാരായ മെമ്പർമാർ ആരും വാദിക്കരുതെന്നുള്ളതാണു് എന്റെ അപേക്ഷ. ആ അടിസ്ഥാനത്തിന്മേലല്ല ഈ പ്രമേയത്തെ നോക്കേണ്ടതു്. മനുഷ്യർക്കു ജീവിക്കണം, താമസിക്കണം അതിനുള്ള നിയമം ആദ്യമായി ഉണ്ടാക്കണം. മനുഷ്യർക്കു കുടിപാർപ്പു് ഇല്ലാതാകരുതു്. അവർക്കു രക്ഷചെയ്യ കൊടുക്കേണ്ടതു് ഗവമ്മെണ്ടിന്റെ കടമയാണു്. അതുകൊണ്ടു് ഞാൻ പറഞ്ഞപോലെ ജന്മികൾക്കിപ്പോൾ തോന്നുന്ന ഭയം കഴിയുന്നതും ഇല്ലാതാകുന്നവിധത്തിലും, എന്നാൽ കുടികിടപ്പുകാർ ആവശ്യപ്പെടുന്ന രക്ഷതികച്ചും അവർക്കു കിട്ടത്തക്കവിധത്തിലും ഉള്ള ഒരു നിയമനിർമ്മാണം അസാദ്ധ്യമാണെന്നു തോന്നുന്നില്ല. അങ്ങിനെ ഒരു നിയമനിർമ്മാണത്തെക്കുറിച്ചു് ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്. അതാണു് ഇപ്പോഴത്തെ ഗവമ്മെണ്ടിന്റെ നില. ഇതിൽ കൂടുതൽ ഒരു വിശദീകരണം ഇപ്പോൾ ആവശ്യമാണെന്നു തോന്നുന്നില്ല.

*മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : പ്രതിപാദ്യവിഷയത്തെക്കുറിച്ചു് ഗവമ്മെണ്ടു് ഭാഗത്തുനിന്നു് ഇതിലധികം മയ്യാദയായ ഒരു വിശദീകരണവും ഒരു വാശ്വാനത്തിന്റെ ലാഞ്ഛനയുമുള്ള മറുപടിയും വേറെയുണ്ടാകുമെന്നു തോന്നുന്നില്ല. പക്ഷെ ഇവിടത്തെ ഗവമ്മെണ്ടിനെ നല്ലപോലെ അറിയാവുന്ന എനിക്കു് ഇതിൽ കാമ്പില്ലെന്നു പറയേണ്ടതായിട്ടുണ്ടു്. ഇപ്പോൾ കുടികിടപ്പുകാരുടെ ഉത്ഭവം എങ്ങിനെയാണെന്നു നോക്കേണ്ടതായിട്ടു് ആവശ്യമില്ല. കുടികിടപ്പുകാർ എന്നു പറഞ്ഞ ഒരു സംഘക്കാർ കൊച്ചിയിൽ ഉണ്ടെന്നു സമ്മതിക്കുന്നു; അതു നമ്മൾ നിത്യേന കണ്ണുകൊണ്ടു കാണുന്നു. കാരണം എത്രതന്നെയായാലും അവരെ അവരുടെ കുടികിടപ്പുസ്ഥലത്തുനിന്നു പുറത്താക്കുന്ന മനോഭാവം മുതലാളനായാലും മുതലാളിയായാലും നാട്ടിൽ നടക്കുന്നുണ്ടെന്നു ഗവമ്മെണ്ടു് സമ്മതിക്കുന്നു. അപ്പോൾ ഈ കാലഘട്ടത്തിൽ ഗവമ്മെണ്ടു് കുടികിടപ്പുകാക്കു കിടക്കുവാൻ സ്ഥലം വേണമെന്നുസമ്മതിക്കുന്നു എന്നാണു് ബഹുമാനപ്പെട്ട മന്ത്രിഅവർകളും പറഞ്ഞതു്. എന്നാൽ ജന്മികളും ഇപ്പോൾ അനുഭവിച്ചുവരുന്നതരത്തിലുള്ള പ്രവൃത്തി മേലിൽ എടുക്കാതിരിക്കത്തക്ക നിലയിൽ കുടികിടപ്പുകാരുടെ താമസത്തിൽ ഒരു മാറ്റം വരണമെന്ന അഭ്യർത്ഥന നിർദ്ദേശിക്കുന്നു.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: നിർദ്ദേശിച്ചില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ പെരുമാറണം എന്നു്

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അങ്ങിനെ പറഞ്ഞില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ തെറ്റിദ്ധരിച്ചു. കുടികിടപ്പുകാക്കു് കിടക്കുവാൻ സ്ഥലം ഉണ്ടാകുന്നതരത്തിൽ നിയമമുണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണെന്നും അങ്ങിനെ ഒരു നിയമം വേണമെന്ന ആലോചന ഗവമ്മെണ്ടിൽ കടന്നുകൂടിയിരിക്കുന്നു എന്നും അഭ്യർത്ഥം ഏകദേശം സമ്മതിച്ചു. ഈ സമ്മതമൊക്കെകഴിഞ്ഞിട്ടു് വാഗ്വൈഭവത്തോടുകൂടിയും വാക്കുവികാരത്തോടുകൂടിയുംചെയ്ത പ്രസംഗത്തിന്റെശേഷം അതിന്റെ പിന്നിൽ കാമ്പില്ലെന്നു ചിലർ ധരിച്ചു. ഞാൻ പറയുന്നതു് എനിക്കു നല്ലപോലെ അറിയാവുന്ന കൊച്ചിഗവമ്മെണ്ടു് ഈ പറഞ്ഞിട്ടുള്ളതു് ഒരു മയക്കുവിദ്യയാണു്. അതിൽ വിശ്വസിക്കുവാൻ തരമില്ല എന്നുള്ളതാണു്. കുടികിടപ്പുകാക്കു് വെറുമ്പാട്ടകുടിയാന്മാക്കു് സ്ഥിരാവകാശം കൊടുത്തതുപോലെ സ്ഥിരാവകാശം കൊടുക്കണമെന്നു് ഇന്നുള്ള വെറുമ്പാട്ടകുടിയാൻ നിയമത്തിൽ ഒരു ഭേദഗതിബിൽ ഞാൻതന്നെ കൊണ്ടുവന്നിട്ടുണ്ടു്. ആ ബിൽ ഇതിനു മുമ്പു് വേറെചില വിഷയങ്ങളെപ്പറ്റി, ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ വി. ആർ. കൃഷ്ണ

*Speech not corrected by Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

നെഴത്തശ്ശൻ കൊണ്ടുവന്ന ഒരു ബില്ലിനെ എല്ലിച്ചുതായ സെലക്ററ് കമ്മിറ്റിയെതന്നെ എല്ലിക്കയാണു ചെയ്തിട്ടുള്ളതു്. അപ്പോൾ ഞാൻ പറഞ്ഞു, ഓരോ ബില്ലും ഓരോ സെലക്ററ് കമ്മിറ്റിക്കുകൊടുക്കുന്നതാണു് ഉചിതമെന്നു്. അതാവശ്യമില്ല. വെവ്വേറെ കമ്മിറ്റികൾക്കുകൊടുക്കുന്നതു് അനാവശ്യമാണെന്നു് സഭ അഭിപ്രായപ്പെട്ടു. പിന്നെയുംവന്നു വെമ്പാട്ടകൂടിയാൻ നിയമത്തിന്നു ഭേദഗതി. പിന്നെയുംവന്നു, നാലാമതും ആറാമതും വന്നു. ഇത്രയുംഭേദഗതി കൊണ്ടുവരേണ്ട കാരണമെന്താണെന്നുള്ളതു് അതിന്റെ പൂർവ്വകാലചരിത്രം നോക്കിയാൽ അറിയാം. വളരെ ധൃതഗതിയിൽ വേണ്ടത്തക്ക ആലോചന ചെലുത്താതെ, വളരെ ആലോചനയോടുകൂടികൊണ്ടുവന്ന ഭേദഗതികളെല്ലാംതള്ളി, ഇപ്പോൾ ഉള്ള രൂപത്തിൽ ഒരു ആക്ടു് ഉണ്ടാക്കുകയാണു് ചെയ്തതു്. അതു ആക്ടായതിനുശേഷം അതിന്നു് നാലൊ, അഞ്ചൊ ഭേദഗതി ആക്ടുകളുണ്ടാകയും ഇപ്പോൾ ആറൊ, ഏഴൊ ഭേദഗതിബില്ലുകൾ സെലക്ടുകമ്മിറ്റിയെ ഏല്പിക്കുകയും ചെയ്തിട്ടുണ്ടു്. എന്റെ നിർദ്ദേശത്തിന്നു വിപരീതമായി എല്ലാ ബില്ലുകളുംകൂടി ഒരു സെലക്ടുകമ്മിറ്റിക്കുകൊടുത്തിട്ടുണ്ടു് എന്നുപറഞ്ഞതിൽ ഒരു ബില്ലു് വെമ്പാട്ടകൂടിയാന്മാരെ സംബന്ധിച്ചിടത്തോളം അടിയന്തിരവും അത്യാവശ്യവും ആയിരിക്കുന്നു എന്നുള്ളതു് സുവ്യക്തമാകുന്നു. അതിലെ ഒരു വകുപ്പാണു് കടികിടപ്പുകാക്കു കുടികിടപ്പിന്നു സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതു്. എല്ലാബില്ലുകളുംകൂടി ഒരു സെലക്ടുകമ്മിറ്റിയെ ഏല്പിക്കരുതു് എന്നു ഞാൻപറഞ്ഞതിനെ ഗണിക്കാതെ നിയമസഭ പെരുമാറിയതിന്റെ ഫലം എന്താണെന്നുള്ളതു എല്ലാവർക്കും ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ടു്. മൂന്നുമാസത്തിനുള്ളിൽ ഒരു മീറ്റിംഗാണു് നടന്നിട്ടുള്ളതു്. സെലക്ടുകമ്മിറ്റിയുടെ കഴിഞ്ഞയോഗം കൂടിയതു് ചിറ്റൂർ മുനിസിപ്പൽ ആപ്പീസ്സിലാണു്. അവിടെ തെളിവുതരാൻ വന്നവർക്കു് ജന്മികളുടെ മുഖം നോക്കാതെ അവരുടെ അഭിപ്രായം പറയുവാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണു് ഞാൻ കണ്ടതു്. അവനവന്റെ പ്രയത്നഫലംകൊണ്ടു് ജന്മികളെ ആശ്രയിക്കാതെതന്നെ കഴിഞ്ഞുകൂടുവാൻ സാധിക്കുന്ന കുടിയാന്മാർക്കുപോലും ശരിക്കുതെളിവുതരുവാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണു് ഞാൻ അവിടെ കണ്ടതു്. കമ്മിറ്റിയിലെ അംഗങ്ങളും അന്തരച്ചായക്കിയതു് അടുത്തയോഗം തത്തമംഗലം മുസാബരിബങ്കളാവിൽവെച്ചുകൂടി കുടിയാന്മാരുടെ തെളിവെടുക്കാമെന്നാണു്. മൂന്നുമാസംകഴിഞ്ഞു യോഗത്തിന്നുള്ള നോട്ടീസെഴുതുവാനുള്ള കടലാസു് കൊച്ചിഗവമ്മെണ്ടു് വാങ്ങികഴിഞ്ഞിട്ടുണ്ടൊ എന്നു ഞാൻ സംശയിക്കുന്നു.

Mr. President: How is this resolution connected with the amendments?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: I will explain it. കുടികിടപ്പുകാക്കു് സ്ഥിരാവകാശം കൊടുക്കണമെന്ന ഒരു വകുപ്പുള്ള ഒരു ബിൽ ഇന്ന ദിക്കിലാണു് ഇരിക്കുന്നതെന്നും അതിന്റെ ഗതി ഇന്നതരത്തിലാണെന്നും പറഞ്ഞതു് ഗവമ്മെണ്ടിന്നു ഈ കാര്യത്തിൽ ഒരു നിയമം വേണമെന്ന ആലോചന കടന്നുകൂടീട്ടുണ്ടു് എന്നുള്ളതു് ഒരു മയക്കവിദ്യയാണു് എന്നുസ്ഥിരപ്പെടുത്തുവാൻ വേണ്ടിയാണു്. അതുകൊണ്ടു് നിങ്ങൾ ആ ഭാഗത്തിരുന്നുകൊണ്ടു് പറഞ്ഞതുകേൾക്കുവാൻ സുഖമുണ്ടെങ്കിലും നിങ്ങളുടെ ആലോചന അതായതു കുടികിടപ്പുകാക്കു താമസത്തിന്നു സ്ഥലം കൊടുക്കണമെന്നു് നിങ്ങളുടെ ഉള്ളിലുള്ള ആലോചന, അതു തീപ്പായിട്ടുമാറ്റി, വളരെ വേഗത്തിൽ മാറ്റി പ്രവൃത്തിയിൽകൊണ്ടുവരണമെന്നു ഞാൻ ഗവമ്മെണ്ടു് വക്താവിനോടു നിർദ്ദേശിക്കുന്നുള്ളു. അതിന്നു ഉടനടി ഒരു നിയമമുണ്ടാക്കണം. ഗവമ്മെണ്ടുവിചാരിച്ചാൽ അനുദ്യോഗസ്ഥന്മാരെപോലെയുള്ള യാതൊരു ബുദ്ധിമുട്ടുകളുംകൂടാതെ ഒരു ബില്ലുകൊണ്ടുവന്നു ഉടനടി നിയമമാക്കുവാൻ സാധിക്കും. യാതൊരു അനുവാദവും ചോദിക്കാതെ ബില്ലുകൊണ്ടുവരുവാനുള്ള അവകാശം ഗവമ്മെണ്ടിനുണ്ടു്. ഗവമ്മെണ്ടിന്നു അതിനുള്ള എല്ലാസൌകര്യങ്ങളുമുണ്ടു്. ഗവമ്മെണ്ടിന്നുസ്വന്തം കടലാസുണ്ടു്, അച്ചടിക്കുവാൻ സ്വന്തം അച്ചുക്കൂടമുണ്ടു്. അതിൽ അച്ചടിച്ചുപ്രസിദ്ധപ്പെടുത്തി അടുത്ത നിയമസഭയിൽ വേണമെങ്കിൽ കഷ്ടകമാസത്തിന്നുമുമ്പു് ഒരു പ്രത്യേകയോഗംവിളിച്ചുകൂട്ടി അതിൽവെച്ചു് സ്റ്റാൻറിംഗ് ആർഡർ സസ്പെണ്ടുചെയ്തു് ഇൻട്രഡക്ഷനും മൂന്നാംവായനയും കഴിച്ചുപാസാക്കുവാൻ സാധിക്കും. അങ്ങിനെ ഒരു നിയമമുണ്ടാക്കി കുടികിടപ്പുകാരെ രക്ഷിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിച്ചതു്. ഗവമ്മെണ്ടിന്റെ മറുപടി ഒരു തരത്തിലും ഇവിടെയുള്ള ആളുകൾക്കു സമാധാനമാകുന്നില്ല. വളരെ ആഭാസകരമായ നിലയിലാണു് ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ നില എന്നുപറയാതെ നിവൃത്തിയില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: "ആഭാസകരം" എന്നപ്രയോഗം വ്യാകരണപ്രകാരം തെറ്റാണു്. ആഭാസം എന്നപ്രയോഗമാണു് ശരി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അങ്ങിനെയാണെങ്കിൽ മന്ത്രിമാരുടെ കൂട്ടത്തിൽനിന്നു രണ്ടാമതൊരു ഗ്രാമദേവനെ കൂടികിട്ടുവാൻ ഭാഗ്യമുണ്ടായതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഞാൻ പറയുന്നതു വേണ്ട സംഗതി വേണ്ട സമയത്തു ഗവണ്മെണ്ട് ചെയ്യണമെന്നാണു്. അല്ലാതെ ആഭാസമായ നിലയിൽ ഇതൊക്കെ വേണ്ടതാണു് ഗവണ്മെണ്ട് അതിനെപ്പറ്റി ആലോചിക്കുന്നുണ്ട് എന്നൊക്കെ കാമ്പില്ലാത്ത വിധത്തിൽ പറയുന്നതു ശരിയല്ല. ഗവണ്മെണ്ടിനു് ആവശ്യമാണെന്നു തോന്നുന്നുണ്ടെങ്കിൽ കക്കടകമാസത്തിനു മുമ്പു ഒരൊറ്റദിവസത്തെ ഒരു യോഗം വിളിച്ചുകൂട്ടി ആ യോഗത്തിൽ ഒരു ബില്ലവതരിപ്പിച്ചു് അന്നുതന്നെ മൂന്നാം വായനയും കഴിച്ചു നിയമമാക്കുവാൻ സാധിക്കുന്നതാണു്. അങ്ങിനെ ഒരു നിയമമുണ്ടാക്കി കുടികിടപ്പുകാക്കു ഒരു രക്ഷ ചെയ്തു കൊടുക്കണമെന്നാണു് ഞാൻ അപേക്ഷിക്കുകയല്ല, നിർദ്ദേശിക്കുന്നതു്. അതു നിങ്ങളെക്കൊണ്ടു സാധിക്കാത്തപക്ഷം അതിനുള്ളവഴി അപ്പോൾ നോക്കാം.

*മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ പ്രമേയത്തെപ്പറ്റി രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാധാരണയായി ഭൂമി കൈവശക്കാർ അല്ലെങ്കിൽ ഭൂമികൾ സ്വന്തമാക്കി വെച്ചിട്ടുള്ള ആളുകൾ ആ ഭൂമികൾ ആരെയെല്ലാം എതെല്ലാം കാര്യങ്ങൾക്കു ഏല്പിച്ചാലും അവക്കു മാത്രമേ അവകാശമുള്ളുവെന്നു പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. അതുമാറി ഇടത്തരക്കാരായ ആളുകളുടെ ശക്തി വർദ്ധിച്ചതോടുകൂടി അവർ അവരുടെ അവകാശങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ആ അവകാശങ്ങൾ കൂടുതൽ സുരക്ഷിതങ്ങളാക്കുന്നതിനുള്ള സംരംഭങ്ങൾ ദിവസവും നാം ഇവിടെ കാണുന്നുണ്ടു്. ഇവിടെ ഇന്നിന്നപിന്നാലെ ഒന്നായി വന്നിട്ടുള്ള പലേ കുടിയാൻ നിയമ ഭേദഗതികളെല്ലാം തന്നെ അവരുടെ അവകാശങ്ങൾ സുരക്ഷിതങ്ങളാക്കുവാനുള്ള മാർഗങ്ങളാണെന്നു് മനസ്സിലാക്കുവാൻ സാധിക്കും. നിർഭാഗ്യവശാൽ പാവപ്പെട്ട ആളുകൾക്കു് ഇതുപോലെയുള്ള സൌകര്യങ്ങളുണ്ടായിട്ടില്ല, നിയമനിർമാണത്തിനുള്ള കഴിവു് അവർക്കുണ്ടായിട്ടില്ല. അവരുടെയിടയിൽ അഭിഭാഷകന്മാരുണ്ടായിട്ടില്ല. നിയമകോവിദന്മാരായ ആളുകൾ അവരുടെയിടയിൽ ഇല്ലാത്തതുകൊണ്ടു് അവരുടെ അവകാശങ്ങൾ സ്ഥാപിക്കുവാനുള്ള നിയമനിർമ്മാണം അവക്കുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അവരുടെ ആവശ്യങ്ങൾ വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നു് ഇന്നത്തെ ഗവണ്മെണ്ടിനു മനസ്സിലായിട്ടുള്ളതു് വളരെ ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണു്. ഗവണ്മെണ്ടിനേയും നല്ലനിലയിലിരിക്കുന്ന മറ്റാളുകളേയും ഇതു് കൂടുതൽ ഗൌരവതരമായ ഒരു പ്രശ്നമാണെന്നു മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചില സ്ഥലങ്ങളിൽ അവരുടെ കഷ്ടപ്പാടുകൾ വളരെ വർദ്ധിച്ചിട്ടുണ്ടെന്നും, ആ വക അവശതകൾ പരിഹരിക്കുന്നതിനു് കാലതാമസം വരുത്തുന്നതു് വളരെ അപകടകരമാണെന്നും ഗവണ്മെണ്ടിനു ബോദ്ധ്യമായിട്ടുണ്ടെന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ടു്. പക്ഷെ അതിനെപ്പറ്റി ആലോചിച്ചു് ഒരു നിയമമുണ്ടാക്കുന്നതിനു മുമ്പായി താൽക്കാലികമായ ഒരു രക്ഷയെങ്കിലും അവക്കു ചെയ്യുവാൻ സാധിക്കുമോ എന്നു ഗവണ്മെണ്ടു നോക്കണം. (ഹിയർ, ഹിയർ). എനിക്കറിയാം ഒരു ജന്മിയുടെ വീട്ടിൽ മറ്റമടിക്കുവാനും -പാത്രം തേക്കുവാനും സ്ത്രീകളെ അയക്കുവാൻ സമ്മതിക്കാതിരുന്നതുകൊണ്ടു് അവരെ കുടിയിറക്കുവാൻ ഭീഷണിപ്പെടുത്തിട്ടുള്ളതു്. അവക്കുവേണ്ടി ഞാൻ ഗവണ്മെണ്ടിനെ അഭയം പ്രാപിച്ചു് ഞങ്ങൾക്കു സ്വന്തമായി താമസിക്കുന്നതിനു് തരിശായിട്ടു കിടക്കുന്ന ഭൂമികളെങ്കിലും പതിച്ചുതരണമെന്നും, അതിനുവേണ്ടി ചിലവാകുന്ന സംഖ്യ കുറേശ്ശേ കുറേശ്ശേയായി, ഏഠ കൊല്ലംകൊണ്ടു ഗവണ്മെണ്ടിലേക്കു് അടച്ചുതീർക്കാമെന്നും അപേക്ഷിച്ചിട്ടു വളരെക്കാലമായിട്ടുണ്ടു്. അതിനു് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ പണമില്ലെന്നും ഇനിയത്തെ കൊല്ലത്തിലാകാമെന്നുമാണു് പറയുന്നതു്. ഇതു് ഗവണ്മെണ്ടിനു വളരെ ബുദ്ധിമുട്ടുകൂടാതെ ചെയ്യാവുന്ന ഒരു കാര്യമാണു്. ഇതിനൊരു നിയമനിർമ്മാണം ആവശ്യമില്ല. ഗവണ്മെണ്ടിന്റെ കയ്യിലുള്ള ഭൂമിയെടുപ്പു നിയമപ്രകാരം ഭൂമിയെടുത്തു് അവരെ ഏൽപ്പിച്ചുകൊടുക്കുകയും, അവർ അതിൽ അവരുടെ സ്വന്തം കുടിയും വെച്ചുകെട്ടുകയും ചെയ്തു് അതിന്റെ വില ഏ ഠ കൊല്ലംകൊണ്ടു തീർക്കാമെന്നു പറയുകയും വെച്ചുകെട്ടുകയും ചെയ്തു് അതിന്റെ വില ഏ ഠ കൊല്ലംകൊണ്ടു തീർക്കാമെന്നു പറയ

[Mr. P. K. Dewar]

ച്ചു. തിരുമനസ്സുകൊണ്ടു് ഉടനെതന്നെ ആ കാര്യം സാധിച്ചുകൊടുക്കണമെന്നുപറഞ്ഞു് ആ മെമ്മോറിയൽ ഗവമ്മെണ്ടിലേക്കയച്ചുകൊടുത്തിട്ടു് രണ്ടരക്കൊല്ലത്താളമായിട്ടും അതിന്നു തീരുമാനമുണ്ടായിട്ടില്ല. ആ തിരുമനസ്സുകൊണ്ടു് ജീവിച്ചിരുന്നകാലത്തു് ഈ ആളുകളെല്ലാം സ്വന്തം സ്ഥലത്തു താമസിക്കുന്നതു കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. എങ്കിലും ഇപ്പോഴും തന്നെയും അതു സാധിച്ചിട്ടില്ല. ഇതിനിടക്കു ക ൦ ൦-ൽ ചിലപ്രാവശ്യം കുടുംബക്കാരെ കുടിയിറക്കുവാൻ ശ്രമിച്ചുവെങ്കിലും കുറെ പേർ കുടിയിറങ്ങിപ്പോയിട്ടു് കഷ്ടിച്ചു് കഴിച്ചുകൂട്ടുവാൻപോലും സാദ്ധ്യമല്ലാത്തനിലയിൽ, ഒരു ചെറിയ അടുക്കളയും ചാർത്തും മാത്രമുള്ള സ്ഥലത്തു്, അഞ്ചും ആറും അംഗങ്ങളോടുകൂടി താമസിക്കുന്ന ദുരവസ്ഥയാണു് ഇന്നു മട്ടാഞ്ചേരി പട്ടണത്തിലുള്ളതു്. ഞങ്ങൾക്കു സ്ഥലം തരിക, ക ൦ കൊല്ലംകൊണ്ടു് അതിന്റെ വില തന്നുകൊള്ളാമെന്നു് പറഞ്ഞിട്ടു് മൂന്നു കൊല്ലമായിട്ടും ഇതുവരെയും ആ കാര്യം തീരുമാനിച്ചിട്ടില്ല. ആ മഹാരാജാവു തിരുമനസ്സിലെ ഭരണകാലത്തുതന്നെ സാധിച്ചുകൊടുക്കണമെന്നു ആഗ്രഹിച്ച ഒരു സംഗതിയിൽ അവിടന്നു തീപ്പെട്ട ക കൊല്ലം തികയുവാൻ പോകുന്ന ഈ അവസരത്തിൽപോലും യാതൊന്നും കാര്യമായി ചെയ്യുവാൻ സാധിച്ചിട്ടില്ല. ഈ സ്ഥിതിഗതികൾ മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ടു് ഈ വക ആവശ്യങ്ങൾ അറിഞ്ഞു് വളരെ വേഗതയിൽ അതു നടപ്പാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കണം.

എനിക്കറിയാം ഇന്നു് വൈപ്പീൻ കരയിൽ ഉള്ള കുടികിടപ്പുകാർക്കു അവരുടെ സ്വന്തം വീടിന്റെ മുമ്പിൽ ഇട്ടു് മടൽ അടിക്കുവാൻ സ്വാതന്ത്ര്യമില്ല എന്നു്. ചീഞ്ഞ മടൽ തല്ലുമ്പോൾ അതിന്റെ പൊടികൾ ജന്മിമാരുടെ വീടുകളുടെ മുമ്പിൽ വീഴുന്നതിനാൽ അവരെ കുടിയിറക്കുവാൻ ജന്മിമാർ ഭീഷണിപ്പെടുത്തുകയാണു് ചെയ്യുന്നതു്. അതിനാൽ അങ്ങിനെയുള്ള മുതലാളിമാരുടെ ഉപദ്രവങ്ങളിൽനിന്നു് ഈ സാധുക്കൾക്കു രക്ഷകിട്ടുവാനുള്ള ചില മാർഗങ്ങളാണു് ഞാൻ ഗവമ്മെണ്ടിനോടു പറയുവാനാഗ്രഹിക്കുന്നതു്. വൈപ്പീനിൽ താമസിക്കുന്നവരിൽ അധികംപേരും മറവർ ദിക്കുകാരാണു്. പട്ടണങ്ങളിൽ താമസിക്കുന്നതുപോലെ അടുത്തടുത്തുള്ള വീടുകളിലാണു് അവർ താമസിക്കുന്നതു്. അവിടെ ഇപ്പോൾ ഒരു പുതിയ പ്രസ്ഥാനം തുടങ്ങിയിരിക്കുന്നു. അവർ എല്ലാവരും താമസിക്കുന്ന അന്നരുടെ വീടുകളെല്ലാം ജന്മിമാരുടെ വകയായി മുദ്രപത്രത്തിൽ എഴുതിക്കൊടുക്കണം. ക്ലർക്കിനെക്കൊണ്ടു് റജിസ്ട്രാക്കിക്കൊടുക്കണം. വാടകക്കു താമസിച്ചുകൊള്ളാമെന്നു സമ്മതിക്കുന്നതരെ നിലയിൽ എഴുതിത്തരുവാനാണു് അവരോടു് ആവശ്യപ്പെടുന്നതു്. ജന്മികൾക്കു് അവരോടു് ഇഷ്ടമില്ലാതാകുമ്പോൾ കുടിയൊഴിപ്പിക്കുവാനുള്ള ഒരു സൂത്രമാണു് ഇതു്. ഒന്നൊന്നര കൊല്ലമായി ഈ വിധത്തിലുള്ള ആക്ഷേപങ്ങൾ വർദ്ധിച്ചു വർദ്ധിച്ചു വരികയാണു് ചെയ്യുന്നതു്. ഈ കാര്യത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നതുവരെ ഒരു ചെറിയ വിദ്യ പ്രയോഗിച്ചു് പരീക്ഷിച്ചു നോക്കുവാൻ ഞാൻ ഗവമ്മെണ്ടിനോടാവശ്യപ്പെടുന്നു. കുടിയിറക്കുവാൻ ഉത്സാഹിക്കുന്നവനെന്നു കേട്ടാൽ പാവങ്ങൾക്കു് ആ സ്ഥലം പതിച്ചുകൊടുക്കുന്നതാണെന്നുള്ള ഒരു നോട്ടിഫിക്കേഷൻ പരസ്യം ചെയ്താൽ അതു കുടിയൊഴിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ഒരു വിളംബരത്തിന്റെ ഫലം ഉണ്ടാക്കുന്നതായിരിക്കും. ഗവമ്മെണ്ടു് കുടിയാന്മാർക്കു ആ വസ്തു വിലകൊടുത്തുവാങ്ങി പതിച്ചു കൊടുക്കുമെന്നു് ഒരു മുന്നറിവു കൊടുത്താൽ ജന്മിമാർ വളരെ ആലോചിച്ചേ അവരെ കുടിയൊഴിപ്പിക്കുകയുള്ളൂ. അതുകൊണ്ടു് ഈ വിദ്യ ഒന്നു രണ്ടു ദിക്കിൽ ഒന്നു പ്രയോഗിച്ചുനോക്കണമെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു. അതിനുള്ള എത്ര അപേക്ഷകൾ വേണമെങ്കിലും ഞാൻ തരാം. പക്ഷെ അതിനെ സംബന്ധിച്ചു് മൂന്നു നാലു കൊല്ലം കഴിഞ്ഞിട്ടേ തീരുമാനിക്കുകയുള്ളുവെന്നു വന്നാൽ അതു ശരിയാകയില്ല. ഞാൻ അന്നു സമർപ്പിച്ചതായ മെമ്മോറിയലിന്റെ തീരുമാനംവരുത്തി രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട ചെയ്യുവാനാണു് തീപ്പെട്ട മഹാരാജാവു തിരുമനസ്സുകൊണ്ടു് അതു് ഹജൂരാഫീസിലേക്കയച്ചതു്. അതിനുശേഷം രണ്ടു കൊല്ലം കഴിഞ്ഞിട്ടും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. വൈപ്പീൻ, കൊച്ചി മുതലായ സ്ഥലങ്ങളിൽ എല്ലാം കുടിയൊഴിപ്പിക്കുവാൻ ഉള്ള ശ്രമങ്ങൾ നടക്കുന്നുണ്ടു്. അനാവശ്യമായി കുടി ഒഴിപ്പിക്കുവാൻ നടപടി നടത്തുന്നതു കണ്ടാൽ അതു് ഒരു പൊതു ആവശ്യത്തിനുവേണ്ടി, പാവപ്പെട്ട ആളുകൾക്കു് കുടികെട്ടി കിടക്കുവാൻവേണ്ടി, പതിച്ചുകൊടുക്കപ്പെടുമെന്ന ഒരു നോട്ടിഫിക്കേഷൻ ഇട്ടാൽ മറ്റൊരു സ്ഥലങ്ങളിലും അതുപോലെയുള്ള ഉപദ്രവമുണ്ടാകയില്ല. ഇതു് ഒരു മൂന്നുനാലു ദിക്കുകളിൽ പരീക്ഷിക്കുവാനുള്ള ശ്രമങ്ങൾ കൊൽ കുടിയൊഴിപ്പിക്കലിനു് അതൊരു തല്ക്കാല പരിഹാരം ആകും. അതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട ആളുകൾക്ക് സ്ഥലമുണ്ടാക്കിക്കൊടുക്കുവാനുള്ള ശ്രമങ്ങൾ ചെയ്യേണ്ടതു് ഗവണ്മെണ്ടിന്റെ കടമയാണു്. ഭൂമി ഏതാനും ആളുകളുടേതാണെന്നു പറയുന്നുണ്ടെങ്കിലും ഭൂമിയിൽ ജനിക്കുവാൻ ഇടയായിട്ടുള്ള ആളുകൾക്ക് ഭൂമിയിൽ താമസിക്കുവാനുള്ള സൌകര്യം ഉണ്ടായിരിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു് താമസിക്കുവാനുള്ള സൌകര്യം ഒരോരുത്തക്കും ഉണ്ടായിരിക്കണം. അതു കിട്ടുവാനില്ലെങ്കിൽ കിട്ടുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ പരിശ്രമിക്കുന്നതിനെപ്പറ്റി അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അവർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ ശരിയാണെന്നു ഗവണ്മെണ്ടിനു തോന്നുന്നില്ലെങ്കിൽ മാർഗ്ഗാന്തരങ്ങൾ ചൂണ്ടിക്കാണിക്കുവാനുള്ള ചുമതല ഗവണ്മെണ്ടിനുണ്ടു്. തീച്ചയായിട്ടും കൊള്ളരുതാത്ത മാർഗ്ഗങ്ങളിൽ പാവപ്പെട്ടവർ പെടുകയില്ല. സ്വയം ഒരും കഷ്ടപ്പാടുകൾ വലിച്ചുവെക്കുവാൻ ഇഷ്ടപ്പെടുകയില്ല. കഷ്ടപ്പാടുകൾ കുറെകൂടി സഹിച്ചേ തങ്ങളനുഭവിക്കുന്ന ദുരിതങ്ങൾ മാറുകയുള്ളൂ എന്നു ബോദ്ധ്യപ്പെട്ടാൽ അവർ വേറെ മാർഗ്ഗങ്ങൾ നോക്കും. അതിൽ അവരെ കുറ്റപ്പെടുത്തുന്നതു് അഭിലഷണീയമല്ല. അതുകൊണ്ടു് ഗവണ്മെണ്ടു് ഈവക കാര്യങ്ങളിൽ കുറെകൂടി ഉത്സാഹിച്ചു് പ്രവൃത്തിക്കുവാൻ വേണ്ടിയുള്ള കഴിവുകൾ ഉപയോഗിക്കണമെന്നാണു് ഞങ്ങളാവശ്യപ്പെടുന്നതു്. താമസിക്കുവാൻ സ്ഥലമില്ലാത്ത ആളുകൾക്കു് പരസ്പരസഹായ സംഘങ്ങൾ ഏർപ്പെടുത്തി അതുവഴി കോളനികൾ ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ഉത്സാഹിച്ചു് ഉദ്യോഗസ്ഥന്മാരുടെ പടികൾതോറും കയറിയിറങ്ങിക്കഴിഞ്ഞിട്ടും, ആ കടലാസിന്റെ പിന്നാലെ പോയി അവരുടെ പടിക്കൽ കിടന്നിട്ടും അതിനു വേഗതയില്ലെന്നു വന്നാൽ അതു വളരെ കഷ്ടമാണു്. പൊയ്യയിലെ കാര്യത്തിനു് ഞാൻ ഇടപെട്ടു് പ്രവർത്തിക്കുവാൻ തുടങ്ങിട്ടു് ഒരു കൊല്ലം കഴിഞ്ഞിട്ടുണ്ടു്. മട്ടാഞ്ചേരിയിൽ ഇന്നും കിടക്കുവാൻ സ്ഥലമില്ലാതെ ആരാന്റെ കടികളിൽ കേറി നാലുപേരൊരുമിച്ചു് ഒരു വീട്ടിൽ യാതൊരു സൌകര്യവുമില്ലാതെ കഴിഞ്ഞുകൂടുകയാണു്. അവർ രണ്ടു പരസ്പരസഹായ സംഘങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞു. അവർ ഗവണ്മെണ്ടെടുക്കുന്ന സ്ഥലത്തിന്റെ വിലകൊടുക്കുവാൻ തയ്യാറായി അതിന്റെ പത്തിലൊരു ഓഹരി പണം ഉണ്ടാക്കി സൂക്ഷിച്ചുവെച്ചിരിക്കുന്നു. എന്നിട്ടും, മൂന്നു കൊല്ലമായിട്ടും അവർക്കു സ്ഥലമുണ്ടാക്കിക്കൊടുക്കുവാൻ ഗവണ്മെണ്ടിനു സാധിച്ചിട്ടില്ല. ഈ മാതിരി പരസ്പരസഹായ സംഘങ്ങൾ മുഖേനയുള്ള സമാധാനപരമായ മാർഗ്ഗങ്ങൾകൊണ്ടു് കാര്യങ്ങൾ നടക്കുകയില്ലെന്നു് ഗവണ്മെണ്ടു് അവരോടു പറയുന്നതിനു തുല്യമായിരിക്കും അവരെ ഇക്കാര്യത്തിൽ നിരുത്സാഹപ്പെടുത്തുന്നതെന്നുള്ള സംഗതി ഗവണ്മെണ്ടു് വിസ്മരിച്ചുപോകരുതു്.

ഇപ്പോൾ വളരെ ആളുകളെ പല കാരണങ്ങളാലും ജന്മിമാർ ഒഴിപ്പിക്കാൻ ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടു് അവർക്കു് താല്ക്കാലികമായ ഒരു രക്ഷ ഉണ്ടാക്കിക്കൊടുക്കുവാൻ തക്കനടപടികൾ ഉടനെ എടുക്കണമെന്നാണു് ഞാൻ പറയുന്നതു്. മുമ്പു് വോട്ടിന്റെ കാര്യം പറഞ്ഞാണു് സാധുക്കളെ കുടിയൊഴിപ്പിച്ചിരുന്നതു്. പ്രായപൂർത്തി വോട്ടവകാശം ഒരു സ്വാതന്ത്ര്യമാണെങ്കിലുംകൂടി ആരാന്റെ സ്ഥലത്തു താമസിക്കുന്നവർക്കുകൂടി വോട്ടവകാശമുള്ളതുകൊണ്ടു് ജന്മിയോ മുതലാളിയോ നിർബ്ബന്ധിക്കുന്ന ആളുകൾക്കു് അവർ വോട്ടു ചെയ്യേണ്ടിവരും. അപ്രകാരം അവർ ചെയ്യാതിരുന്നാൽ അവിടെനിന്നു് അവരെ കുടിയൊഴിപ്പിക്കുവാൻ ഇതിലും കൂടുതൽ പരിശ്രമങ്ങൾ ആ മുതലാളിമാർ ചെയ്യാതിരിക്കുകയില്ല. ഒരു എലക്ഷൻ കഴിയുന്നതോടുകൂടി കുറെ ആളുകൾ കുടിയിറങ്ങിപ്പോകുന്നതായ ഒരു എപ്പാട് നാം കണ്ടുവരാറുള്ളതാണു്. വേറെ പ്രകാരത്തിൽ ചില ആളുകളെ പാട്ടമൊഴിപ്പിക്കുകയും കണ്ടുവരാറുണ്ടു്. ഇതെല്ലാം സാധാരണ നടമുതലായ ഉപദ്രവങ്ങൾ ചെയ്തു വരുന്നതായും കണ്ടുവരാറുണ്ടു്. ഇതെല്ലാം സാധാരണ നടന്നുവരുന്ന സംഗതികളാണെന്നു് എല്ലാവർക്കുമറിയാം. ഒരു മനുഷ്യനു് ശരിയായ സ്വാതന്ത്ര്യം കിട്ടണമെങ്കിൽ പരാശ്രയംകൂടാതെ താമസിക്കുവാനുള്ള സൌകര്യം തീർച്ചയായും ഉണ്ടായിരിക്കണം. പരാശ്രയമാണു് ഈവക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതു്. അതുകൊണ്ടു് അതിനുള്ള പരിഹാരം ഉടനടി ഉണ്ടാക്കണം. നിയമസംബന്ധമായ ഏർപ്പാടുകൾ വരുന്നതുവരെ ഇങ്ങിനെയുള്ള താല്ക്കാലികമായ ഒരു രക്ഷ അവർക്കുണ്ടാക്കിക്കൊടുക്കണം. ഏതെങ്കിലും പ്രദേശത്തു് ഈ മാതിരിയുള്ള ഉപദ്രവങ്ങളുണ്ടാകുമ്പോൾ ആ സ്ഥലം ഗവണ്മെണ്ടിൽനിന്നു വിലക്കെടുത്തു സാധുക്കൾക്കു പതിച്ചുകൊടുക്കുന്നതായിരിക്കുമെന്നുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുവാനുള്ള അധികാരം ദിവാൻപേഷ്കാർ അവർകൾക്കു കൊടുക്കണം. അതു ചെയ്താൽ ഈ കുടിയിറക്കലിനു് ഒരു ശമനമുണ്ടാകുമെന്നും അതു ഉടനടി ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. ടി. ജേക്കബ്ബ്: മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു വലിയ കാര്യങ്ങളിലേക്കൊന്നും പ്രവേശിക്കാതെ അടുത്തു നടന്ന ഒന്നരണ്ടു സംഗതികൾ മാത്രം ഗവണ്മെണ്ടിന്റേയും ഈ സഭയുടേയും മുമ്പാകെ കൊണ്ടുവരാമെന്നാണു ഞാൻ വിചാരിക്കുന്നതു്. മട്ടാഞ്ചേരിയിലെ കാര്യംതന്നെ ഞാൻ ആദ്യമായി ഇവിടെ പറയാം.

ജന്മി അല്ലാത്ത ഒരു മുതലാളി,—ജന്മിമാരെപ്പറ്റിയാണെല്ലോ അധികം ആക്ഷേപം പറയാറുള്ളതു്—മട്ടാഞ്ചേരിയിലുണ്ടു്. അയാളുടെ കയ്യിൽ ഇരിക്കുന്ന ഒരു വസ്തു ഈയ്യിടെ കിട്ടിയ അമ്മതമുരാൻ കോവിലകംവക പാട്ടവസ്തു ആണു്. അവിടെ വളരെക്കാലമായി, പുരാതനമായി, താമസിച്ചിരിക്കുന്നവരായ കുടിയാന്മാരെ എല്ലാം ഇദ്ദേഹത്തിന്റെ കൈവശം വസ്തു കിട്ടിയതിനുശേഷം അവിടെനിന്നു് ഇറക്കിവിടുവാൻ ശ്രമിക്കുന്നതായി അറിയുന്നുണ്ടു്. നാളെയോ മറന്നാളോ ആയി ഏതാണ്ടു് പത്തറുപതു വീട്ടുകാർ അവിടെനിന്നു കുടിയിറങ്ങിക്കൊടുക്കണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. അങ്ങിനെ കുടിയിറങ്ങിപ്പോകുന്നവരും താമസിക്കുവാൻ വീടുകളില്ലാത്തവരുമായ സാധുക്കളുടെ കാര്യത്തിൽ നമ്മുടെ ഗവണ്മെണ്ടു് എന്താണു് ചെയ്യുവാൻ പോകുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. പൊതു മരാമത്തുമന്ത്രി അവർകൾ പറഞ്ഞതു് നിയമം അടുത്തുതന്നെ ഉണ്ടാക്കുന്നുണ്ടെന്നാണു്.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടെന്നാണു് പറഞ്ഞതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആ നിർദ്ദേശങ്ങളനുസരിച്ചുള്ള നിയമം വരുന്നതിനു മുമ്പായിതന്നെ സാധുക്കളെ കുടിയിറക്കിവിടുന്ന സമ്പ്രദായത്തിനു്, കൺട്രോൾ മെഷേഴ്സുണ്ടാക്കുവാനും മറ്റും ഇൻഡ്യാ ഗവണ്മെണ്ടിന്റെ നിയമം ഇവിടെ നടപ്പിൽ വരുത്തുന്നതുപോലെയുള്ള സമ്പ്രദായം സ്വീകരിച്ചു് കുടിയിറക്കിവിടുന്ന ഏർപ്പാടു് നിറുത്തലാക്കുവാനായി തല്ക്കാലം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തണം. ഈ നാട്ടിലെ ഒരു പ്രജക്കു് ധൈര്യത്തോടുകൂടിതന്നെ കുടുംബത്തിൽ ജീവിക്കുവാൻ സാധിക്കുമെന്നുള്ള നില വരുത്തിവെക്കേണ്ട ചുമതല ഗവണ്മെണ്ടിനുണ്ടു്. ജന്മികളുടെ അവകാശം എടുത്തുകളയണമെന്നു ഞാൻ പറയുന്നില്ല. കുടികിടപ്പുകാക്കു അവിടെതന്നെ കിടക്കുവാനുള്ള സ്ഥിരത ഉണ്ടായിരിക്കണം. വേലയെടുക്കുന്നവക്കു് ഒരു ഫാക്ടറിയിൽ വേലയെടുക്കുവാനും ഇന്ന കൂലി കിട്ടണമെന്നു പറയുവാനും അവകാശമുണ്ടായിരിക്കുന്നതുപോലെ ഈ നാട്ടിലെ ഒരു പ്രജക്കു് സംശയലേശംകൂടാതെ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. അവനു കഴിഞ്ഞുകൂടുവാനുള്ള വഴിപോലുമില്ലാതെ കഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. അവനു താമസിക്കുവാനുള്ള സൌകര്യമുണ്ടാകണം.

വേറെ ഒരു ഉദാഹരണം പറയാം. ചില മുതലാളിമാർ അന്യരാജ്യങ്ങളിൽനിന്നു് ഇവിടെവന്നു വലിയ വലിയ കെട്ടിടങ്ങൾ വാടകക്കുവാങ്ങി താമസിച്ചുകൊണ്ടു് സാധുക്കൾ താമസിക്കുന്ന സ്ഥലങ്ങൾ വിലകൊടുത്തു വാങ്ങി അവിടെയുള്ള കുടികിടപ്പുകാരെയെല്ലാം മാറ്റി അവിടെ വീടുകൾ വെച്ചു.....

Mr. President: Are you going to finish now?

Mr. P. T. Jacob *(Latin Christians-Mattancherri)*: I may be allowed to continue to-morrow.

Election of Deputy President—Announcement from the Chair

Mr. President: I want to make an announcement. Only two nomination papers for the election of the Deputy President of the Council have been received upto 12 noon to-day. Both are in favour of Mr. P. K. Dewer. Proposers and seconders are as follows.

1. Proposed by Mr. K. T. Achuthan and seconded by Mr. P. Narayana Menon.
2. Proposed by Mr. M. K. Raja and seconded by Mr. Paramel Ipe Ipe.

As Mr. P. K. Dewer is the only member nominated within the prescribed time he is declared to be duly elected as Deputy President. I would like to offer my hearty congratuiations to Mr. P. K. Dewer, since according to the rules, I do not have another opportunity in this House to congratulate him. I express the great gratification I feel at his election because Mr. Dewer, happens to see an old student of mine. I wish him all success in his new office.

The House rose for the day at 5 p. m.

P. NARAYANA SWAMI
Secretary to the Council

Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly